(ഡി) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗമായ ശ്രീ. രാകേഷ് വൈസ് പ്രസിഡന്റായി (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് കമ്മിറ്റിയിൽ തുടരാൻ കഴിയുകയില്ലെന്ന വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ അഭിപ്രായത്തോടെ ടിയാൻ വിയോജിച്ചതിനാൽ നിയമോപദേശം തേടിയതിനുശേഷം കമ്മിറ്റി കൂടിയാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായി. ഒരംഗം ഒരേ സമയം ഒന്നിലധികം സ്റ്റാന്റിംഗ് കമ്മിറ്റികളിൽ അംഗമായിരിക്കാൻ പാടില്ലെന്ന സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷന്റെ സ്പഷ്ടീകരണത്തിനു ശേഷം ടിയാൻ ഒരു കമ്മിറ്റിയിൽ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. ധനകാര്യ/വികസന സ്റ്റാന്റിംഗ് കമ്മിറ്റികളിൽ പങ്കെടുത്ത രേഖകളുടെ പകർപ്പുകൾ അനുബന്ധം 2-ൽ * നൽകിയിരിക്കുന്നു, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനാണ് യോഗം കൂടുന്നതിനുള്ള നോട്ടീസ് അംഗങ്ങൾക്ക് നൽകുന്നത്.

പെൻഷൻകാരുടെ പരാതി പരഹരിക്കാൻ നടപടി

136 (4760) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേസസ്വയംഭരണ വകുപ്പിലെ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം 4-5-2000-ലെ ജി. ഒ. (എം. എസ്.) 127/2000 പ്രകാരം പരിഷ്ക്കരിക്കുകയും പ്രസ്തുത ഉത്തരവു പ്രകാരം 1-4-1999 മുതൽ 4-5-2000 വരെയുള്ള കാലയളവിൽ പെൻഷനായവരുടെ പെൻഷൻ പുതുക്കി നിശ്ചയിക്കുകയും ചെയ്തപ്പോൾ പെൻഷൻ തുകയിൽ കുറവു വന്നിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് പരാതി ലഭിച്ചത് ;

(സി) പ്രസ്തുത പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു ;

(ഡി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുവാൻ കാലതാമസം ഉണ്ടായത് എന്തുകൊണ്ടാണ് ;

(ഇ) സാമ്പത്തിക നഷ്ടം സംഭവിച്ച പെഷൻകാരുടെ പരാതി പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് നഗരകാര്യ. വകുപ്പിൽ പരാതി ലഭിച്ചിട്ടുണ്ട്. 25-3-2008, 21-4-2009, 25-9-2009, 30-5-2009, 26-5-2010 എന്നീ തീയതികളിൽ പരാതികൾ ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പ്, എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളിൽ ഇത് സംബന്ധമായ പരാതികൾ ലഭ്യമായിട്ടില്ല. ഗ്രാമ വികസന വകുപ്പിലെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി-ഇ) 25-3-2008, 30-5-2009 എന്നീ തീയതികളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽനിന്നും ലഭിച്ച ശ്രീ. ലൂയിസ് ഔസേപ്പ് (റിട്ട.എൻ.എം. ആർ. വർക്കർ, ചങ്ങനാശ്ശേരി നഗരസഭ, ശ്രീ. കെ. ബാലകൃഷ്ണൻ (റിട്ട.ഡ്രൈയിൻ മസ്ദൂർ, തലശ്ശേരി നഗരസഭ) കണ്ടിജന്റ് വിഭാഗം സ്വീപ്പറായി വിരമിച്ച ശ്രീ. പി. പി. ബാലകൃഷ്ണന്റെയും പരാതികൾ പരിശോധിക്കുകയും അതിലെ ആവശ്യം അംഗീകരിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ആയവ നിരസിച്ചുകൊണ്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് മറുപടി നൽകിയിട്ടുണ്ട്. മറ്റു പരാതികളിന്മേൽ നഗരകാര്യ ഡയറക്ടർ / ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ എന്നിവരിൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

താൽക്കാലിക ഡ്രൈവർമാരെ സ്ഥിരപ്പെടുത്താൻ നടപടി

137 (4761) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രണ്ട് മാസം മുതൽ പതിനഞ്ച് വർഷം വരെയുള്ള കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിൽ ഓണറേറിയം ജീവനക്കാരെ പാർട്ട് ടൈം ജീവനക്കാരായി സ്ഥിരപ്പെടുത്തിയ ഉത്തരവിന്റെ ആനുകൂല്യം ഈ താൽക്കാലിക ഡ്രൈവർമാർക്ക്കൂടി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്താൻ നിയമപ്രകാരം വ്യവസ്ഥയില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

പ്രോവിഡന്റ് ഫണ്ട് അലോട്ട്മെന്റ് തുക നഗരസഭകൾക്ക് അനുവദിക്കുന്നതിന് നടപടി

138 (4762) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രോവിഡന്റ് ഫണ്ട് വായ്പ നഗര സഭകളിലെ ജീവനക്കാർക്ക് അനുവദിക്കുന്നതിനായി നഗരസഭകളിലെ സെക്രട്ടറിമാർ നൽകുന്ന അപേക്ഷകളിൽ അലോട്ട്മെന്റ് തുക അനുവദിക്കുന്നതിന് അർബൻ അഫയേഴ്സ് ഡയറക്ടറേറ്റിൽ നിന്നും മാസങ്ങളുടെ കാലതാമസം ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly